No. SIEMAT/Ad.A1/800/2022

# സ്കൂളുകൾക്കുള്ള ഷോർട്ട് ഫിലിം മത്സരം

## (വിജ്ഞാപനം)

പൊതുവിദ്യാഭ്യാസ വകുപ്പ് സമാരംഭിച്ചിട്ടുള്ള **'NO TO DRUGS'** കാമ്പയിൻന്റെ ഭാഗമായി, സ്റ്റേറ്റ് ഇൻസിറ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെയും (SIET) സീമാറ്റ്-കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി - കേരളയുടെയും (SLA-K) സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്കു വേണ്ടി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ലഹരിക്കും മയക്കുമരുന്നിനും എതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന/ ദ്യോതിപ്പിക്കുന്ന ഷോർട്ട് ഫിലിമുകളാണ് മത്സരത്തിന് പരിഗണിക്കുന്നത്.

**നിബന്ധനകൾ**

- ഷോർട്ട് ഫിലിമിന്റെ പരമാവധി ദൈർഘ്യം - 5 മിനിട്ട്.
- മൊബൈൽ ഫോണിലടക്കം ചിത്രീകരിച്ച ഷോർട്ട് ഫിലിമുകൾ മത്സരത്തിന് സമർപ്പിക്കാവുന്നതാണ്.
- വിദ്യാർത്ഥികൾ തയ്യാറാക്കിയ/ വിദ്യാർത്ഥികളും അധ്യാപകരും സംയുക്തമായി തയ്യാറാക്കിയ ഷോർട്ട് ഫിലിമുകൾ മാത്രമേ മത്സരത്തിന് പരിഗണിക്കുകയുള്ളു.
- മറ്റ് മത്സരങ്ങളിൽ സമ്മാനം നേടിയിട്ടുള്ള ഷോർട്ട് ഫിലിമുകൾ സമർപ്പിക്കാൻ പാടില്ലാത്തതാണ്.

**സമർപ്പിക്കേണ്ട വിധം**

മത്സരത്തിനുള്ള ഷോർട്ട് ഫിലിമുകൾ ഗൂഗിൾ ഡ്രൈവിൽ അപ്‌ലോഡ് ചെയ്തശേഷം താഴെപ്പറയുന്ന ഇ-മെയിൽ അഡ്രസ്സിൽ ലിങ്ക് ഷെയർ ചെയ്യുക (സ്കൂളിന്റെ പേര്, വിലാസം, ഫോൺ നമ്പർ, സാക്ഷ്യപത്രം എന്നിവയടക്കം).

*ലിങ്ക് ഷെയർ ചെയ്യേണ്ട e-mail ID :*

**notodrugs2022@gmail.com**

***അല്ലെങ്കിൽ***

ഷോർട്ട് ഫിലിം അടങ്ങുന്ന പെൻഡ്രൈവും സാക്ഷ്യപത്രവും താഴെപ്പറയുന്ന വിലാസത്തിൽ അയച്ചുതരുക.

*വിലാസം :*

**സ്കൂൾ ലീഡർഷിപ് അക്കാദമി-കേരള (SLA-K)**

**C/o ഡയറക്ടർ,**

**സീമാറ്റ്-കേരള, എം.ജി റോഡ്,**

**ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം - 695036**

എൻട്രികൾ പെൻഡ്രൈവിൽ സമർപ്പിക്കുമ്പോൾ കവറിന് പുറത്ത് **"ഷോർട്ട് ഫിലിം മത്സരം – 2022"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

**സാക്ഷ്യപത്രം**

സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ/ വിദ്യാർത്ഥികളും അധ്യാപകരും സംയുക്തമായി തയ്യാറാക്കിയ ഷോർട്ട് ഫിലിമാണ് മത്സരത്തിന് സമർപ്പിക്കുന്നത് എന്ന സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രമടക്കമാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

**എൻട്രികൾ സമർപ്പിക്കാനുള്ള അവസാന തീയതിയും സമയവും**

2022 ഒക്ടോബർ 29 ന് വൈകുന്നേരം 5 മണി വരെ ലഭിക്കുന്ന എൻട്രികളായിരിക്കും മത്സരത്തിന് പരിഗണിക്കുന്നത്.

മത്സരം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സീമാറ്റ്-കേരളയുടെ SLA-K സെല്ലിലോ SIET യിലോ ബന്ധപ്പെടാവുന്നതാണ്.

- SLA-K : 0471-2460343, 9567354542
- SIET : 0471-2338541, 9388127262

**ഡയറക്ടർ**
**SIET, SIEMAT-Kerala & SLA-K**

തിരുവനന്തപുരം
19.10.2022